## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1266 | 21.03.2013-ൽ മറുപടിയ്ക്ക്

### മോണോ റെയിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി<br>,, എ.കെ.ശശീന്ദ്രൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം-കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര തുക വകകൊള്ളിച്ചിരുന്നുവെന്ന് അറിയിക്കുമോ ;<br>(ബി) ആയതിൽ ഇതിനകം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി):<br>20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തുക അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (സി) ഡി.എം.ആർ.സി തയ്യാറാക്കിയ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR)പ്രകാരം കോഴിക്കോട് മോണോ റെയിൽ പദ്ധതിക്ക് 1991 കോടി രൂപയും, തിരുവനന്തപുരം മോണോ റെയിൽ പദ്ധതിക്ക് 3590 കോടി രൂപയും പൂർത്തീകരണ ചെലവായി പ്രതീക്ഷിക്കുന്നു. |
| (ഡി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) കോഴിക്കോട് മോണോ റെയിൽ പദ്ധതിക്ക് 09.10.2012-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മോണോ റെയിൽ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ